# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2379 20.6.2012-ൽ മറുപടിയ്ക്ക്

## പേരാമ്പ്ര-കുടിവെള്ള വിതരണത്തിനായി മൾട്ടി പഞ്ചായത്ത് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.ജെ ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ. | കേരള വാട്ടർ അതോറിറ്റി പേരാമ്പ്ര സബ് ഡിവിഷനുകീഴിൽ പേരാമ്പ്ര ടൗണിലും പഞ്ചായത്തുകളിലും കുടിവെള്ള വിതരണം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ഉണ്ട്. |
| ബി. | എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി. | പൈപ്പ്ലൈനുകളിൽ വരുന്ന കേടുപാടുകൾ അപ്പപ്പോൾതന്നെ പരിഹരിച്ചുവരുന്നു. |
| സി. | കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് മൾട്ടി പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 15 കോടി രൂപയുടെ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; | സി. | ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടി പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ഡി. | ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഡി. | ഇല്ല. |

| | | | |
|---|---|---|---|
| ഇ. | മേൽപ്പറഞ്ഞ കേരള വാട്ടർ അതോറിറ്റി പേരാമ്പ്ര സബ്ഡിവിഷൻ ഓഫീസ് നിർത്തലാക്കാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ. | ഇല്ല. |
| എഫ് | എങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ? | എഫ് | ബാധകമല്ല |

സെക്ഷൻ ഓഫീസർ